# പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

03-08-2021

### (6) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

2021 ആഗസ്റ്റ് 3-ാം തീയതി റിപ്പോർട്ട് സമർപ്പണത്തിനുശേഷം, സമിതി റിപ്പോർട്ടുകളിന്മേലുള്ള ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ കാലപ്പഴക്കംചെന്ന ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സെക്ഷനുകളിൽ കെട്ടിക്കിടക്കുകയാണെന്നും സമിതികൾക്ക് ലഭിക്കുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

നിയമസഭാ സമിതികളുടെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതികൾക്ക് ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അത് പാലിക്കാത്ത വകുപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

സർക്കാരിൽ നിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാകാതെവന്നാൽ സഭാ സമിതികളുടെ പ്രവർത്തനം അവതാളത്തിലാകും. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ സന്ദർഭങ്ങൾ കേരള നിയമസഭയുടെ പൂർവ്വകാല ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാ സമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവൺമെന്റിൽനിന്നും ലഭ്യമാക്കാനും കർത്തവ്യ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാനും ഏതൊരു സമിതിക്കും സാധിക്കുന്നതാണ്. നിയമസഭയുടെ ചെറുരൂപം എന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കുമുണ്ട്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരെ സമിതി മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കാനും അതിന് തയ്യാറാകാതെവരുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക

നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽകാെണ്ടുവരാനും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചുവരുത്താനും സമിതിയുടെ പ്രവർത്തനങ്ങളുമായി മന:പൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശലംഘനത്തിന് ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാകയാൽ അർഹിക്കുന്ന പരിഗണന ലഭിക്കണം. സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തി യാഥാർത്ഥ്യബോധത്തോടും പ്രായോഗിക സമീപനത്തോടുംകൂടി കാര്യങ്ങളെ കാണാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറായാൽ ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കാൻ കഴിയുന്നതും സഭാ സമിതികളുടെ അത്തരം പരിശ്രമങ്ങൾക്ക് എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതുമാണ്.